(ഇ) ചന്തയുടെ സ്ഥലം മുഴുവനും ചന്തയ്ക്കു കിട്ടത്തക്കവിധം കയ്യേറക്കാരായ വ്യക്തികളേയും സംഘടനകളേയും അവിടെ നിന്നും ഒഴിപ്പിച്ചു ചന്ത പരമാവധി പൊതുജന ഉപയോഗപ്രദമാക്കുമോ; അതിനു ഗവണ്മെൻറുതന്നെ മുൻകൈയെടുത്തു് അടിയന്തര നടപടികൾ കൈക്കൊള്ളുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) അങ്ങനെയൊരു പരാതി, 4-8-1955-ൽ കിട്ടിയിട്ടുണ്ടു്. അന്വേഷണം നടത്തിവരികയാണു്.

(സി) പറമ്പോക്കുസ്ഥലം കൈവശപ്പെടുത്തിയിരിക്കുന്ന 60 പേരുടെമേൽ റവന്യൂ അധികൃതർ നടപടികൾ എടുത്തിട്ടുണ്ടു്. അടൂർ പഞ്ചായത്തുപ്രഡിഡൻറു ശ്രീ. പി. ടി. നാരായണപിള്ളയുടെ കൈവശം നാലു സെൻറു സ്ഥലം കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ളതായി കാണുന്നു.

(ഡി) അറിവില്ല.

(ഇ) നടപടികൾ എടുത്തുവരികയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ചന്തയിൽ സ്ഥലം ഇല്ലാത്തതുകൊണ്ടു ഒഴിപ്പിക്കാൻ ഏതാനും കടക്കാരെ മാത്രം ഉദ്ദേശിച്ചു വന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പരാതിയില്ല. കുറെ അനധികൃതമായി സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടു്. അവരുടെമേൽ നടപടിയെടുത്തു ഒഴിപ്പിക്കാൻ ശ്രമിക്കുന്നതായി അറിയാം.

* 202. [10] SHRI T. S. RAMASWAMI : Will the Minister for Health be pleased to state :

(*a*) number of reauctions of Abkari contracts held during 1954-55 and 1955-56 ;

(*b*) reasons therefor ;

(*c*) name of parties who bid in the first auction ;

(*d*) the highest amount bid during the two auctions; and

(*e*) the gain obtained or loss sustained due to these reauctions ?

Minister for Health (SHRI A. A. RAHIM) : (*a*) There was no reauction of Abkari Shops for the 1954-55 contract but there was one reauction for the 1955-56 contracts *viz.*, the reauction of the Foreign Liquor Shop, Trichur.

(*b*) The reauction of the Foreign Liquor Retail Shop, Trichur, was conducted because there was a complaint from certain individuals that they were not given an opportunity to bid in the first auction.

LIBRARY ARCHIVES Kerala Legislative Assembly

(c) Shri N. I. Francis, Trichur.

(d) The bid amount in the first auction was Rs. 13,100 while that in the reauction was Rs. 17,600.

(e) The reauction resulted in a gain of Rs. 4,500.

ശ്രീ. കെ. പി. ഫാർമിസ്: ഇതുസംബന്ധിച്ച് ഇപ്പോൾ നിന്നും എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: കൊട്ടാരക്കര താലൂക്കിൽ മദ്യനിരോധനം എടുപ്പിച്ചതിനു മുമ്പായി കൊല്ലം താലൂക്കിൽ അബ്കാരി ലേലം ചെയ്തത് വീണ്ടും ലേലം ചെയ്യണമെന്നുകാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എ. എ. റഹിം: വീണ്ടും ലേലം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

ശ്രീ. ടി. കെ. ദിവാകരൻ: വീണ്ടും ലേലം ചെയ്തിരുന്നുവെങ്കിൽ കൊല്ലം താലൂക്കിൽനിന്നും ഗവണ്മെൻറിനു ഒരു നല്ലതുക ലാഭം കിട്ടുമായിരുന്നില്ലേ?

ശ്രീ. എ. എ. റഹിം: വളരെ ന്യായമായരീതിയിൽ ലേലം നടന്നതിനുശേഷം, ലാഭേച്ഛയെമാത്രം കരുതി ഗവണ്മെൻറിൽ നിന്നും വീണ്ടും ഒരു ലേലം നടത്തുന്നതു ശരിയല്ലെന്നു തീരുമാനിക്കുകയാണുണ്ടായത്.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലം താലൂക്കിലെ ലേലം കഴിഞ്ഞതിനുശേഷം, കൊട്ടാരക്കര താലൂക്കിൽ ലേലം നടത്തുന്നതാണെന്ന ഒരു നോട്ടിഫിക്കേഷൻ ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ചിരുന്നില്ലേ?

ശ്രീ. എ. എ. റഹിം: ഉണ്ടായിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: കൊട്ടാരക്കര താലൂക്കിൽ ലേലം ഇല്ലെന്നുവച്ചതിനുശേഷം പത്തനാപുരം താലൂക്കിലും കുന്നത്തൂർ താലൂക്കിലും ലേലംനടന്നതിൽ ഗവണ്മെൻറിനു ഒരുനല്ലതുക ലാഭം കിട്ടിയിട്ടില്ലേ?

ശ്രീ. എ. എ. റഹിം: നോക്കി പറയാം.

ശ്രീ. കെ. സി. ജോർജ്: ഷാപ്പുലേലം വ്യവസായത്തിൽ ലാഭവും, കള്ളിന്റെ കുറവുമുണ്ടായാൽ ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന നയം?

(ഉത്തരമില്ല)

LIBRARY ARCHIVES Kerala Legislative Assembly